ഉത്തരം

നിലവിലുള്ള ബസ്സ്—സ്റ്റാഫ് അനുപാതം കുറയ്ക്കണമെന്ന ഉദ്ദേശത്താൽ പുതിയ നിയമനങ്ങളൊന്നും നടത്തേണ്ടതില്ല എന്നാണ് തീരുമാനിച്ചിരിക്കുന്നത്. അതുകൊണ്ടാണ് ഇവരെ നിയമിക്കാൻ കഴിയാത്തത്.

കെ.എസ്.ആർ.ടി.സി. ആരംഭിച്ച പുതിയ റൂട്ടുകൾ

1318 [2349] ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
,, കാനം രാജേന്ദ്രൻ:
ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ:
ശ്രീ. വി. കെ. രാജൻ:
,, എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 ജനുവരി മുതൽ ജൂൺ 30 വരെ കെ.എസ്.ആർ.ടി.സി. എത്ര പുതിയ റൂട്ടുകൾ ആരംഭിച്ചു;

(ബി) ഇതിൽ എക്സ്പ്രസ്, ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി എന്നീ ഓരോ വിഭാഗത്തിലും എത്രയെണ്ണം വീതം അനുവദിച്ചിട്ടുണ്ട്;

(സി) ഇതിലേക്കുവേണ്ടി എത്ര പുതിയ ബസ്സുകൾ ഉപയോഗിച്ചു; എത്ര പഴയബസ്സുകൾ ഉപയോഗിച്ചു?

ഉത്തരം

(എ) 50 ഷെഡ്യൂളുകൾ ആരംഭിച്ചു.

(ബി) ഇതിൽ 9 എണ്ണം ഫാസ്റ്റുപാസഞ്ചറും 41 എണ്ണം ഓർഡിനറിയുമാണ്.

(സി) മൂന്നു പുതിയ ബസ്സുകളും, ഒൻപതു റീ കണ്ടീഷൻ ചെയ്ത ബസ്സുകളും നൽകിയിട്ടുണ്ട്. ബാക്കി ഡിപ്പോകളിൽ ലഭ്യമായ ബസ്സുകൾ ഉപയോഗിച്ച് ഓപ്പറേറ്റുചെയ്യുന്നു.

പട്ടികജാതി—പട്ടികവർഗ്ഗ കോ—ഓപ്പറേറ്റീവ് സൊസൈറ്റി ബസ്സിന് റൂട്ട് പെർമിറ്റ്

1319 [2350] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ബസ് വാങ്ങി സർവ്വീസ് നടത്താൻ ഗവൺമെന്റ് ധനസഹായം കൊടുക്കുന്ന പദ്ധതി അനുസരിച്ച് കൊല്ലം ജില്ലയിൽ ഏഴാംമൈൽ കേന്ദ്രമായി പ്രവർത്തിക്കുന്ന പട്ടികജാതി—പട്ടികവർഗ്ഗ കോ—ഓപ്പറേറ്റീവ് സൊസൈറ്റി വാങ്ങിയ ''പ്രതീക്ഷ'' എന്ന ബസ്സിന് സർവ്വീസ് നടത്താൻ ഇപ്പോഴും സ്ഥിരമായ ഒരു റൂട്ട് പെർമിറ്റ് ഇല്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആ ബസ്സിന് ടെമ്പററിയായി അനുവദിച്ചിരുന്ന റൂട്ട് ഏതായിരുന്നുവെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അതിന്റെ കാലാവധി എന്നവസാനിച്ചു;

(ഡി) കാലാവധി അവസാനിച്ചതിനുശേഷം റൂട്ട് പെർമിറ്റ് നീട്ടിക്കൊടുക്കുന്നതിനായി നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ഗവൺമെന്റ് ധനസഹായത്താൽ വാങ്ങിയിട്ടുള്ള പ്രസ്തുത ബസ്സിന് സർവ്വീസ് നടത്താൻ എത്രയുംവേഗം ഒരു സ്ഥിരം റൂട്ട് അനുവദിച്ചുകൊടുക്കുന്നതിനാവശ്യമായ അടിയന്തിര നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ബസ്സിന് താഴെപറയുന്ന രീതിയിൽ സബ്സ്റ്റിറ്റ്യൂട്ട് ടെമ്പററി പെർമിറ്റും, ടെമ്പററി പെർമിറ്റും നൽകിയിട്ടുണ്ട്.

കാലയളവ്	റൂട്ട്
സബ്സ്റ്റിറ്റ്യൂട്ട് ടെമ്പററി പെർമിറ്റ്	
6–1–1986 മുതൽ 8–1–1986 വരെ	കൊട്ടാരക്കര—കൊല്ലം
9–1–1986 മുതൽ 18–1–1986 വരെ	കൊല്ലം—കുമ്പളം
28–1–1986 മുതൽ 4–2–1986 വരെ	കൊല്ലം—ആറ്റിങ്ങൽ
ടെമ്പററി പെർമിറ്റ്	
10–2–1986 മുതൽ 24–2–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര
27–2–1986 മുതൽ 26–6–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര
27–6–1986 മുതൽ 1–7–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര
2–7–1986 മുതൽ 20–7–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര
21–7–1986 മുതൽ 18–11–1986 വരെ	ശങ്കരമംഗലം—കൊട്ടാരക്കര

(ഓടിക്കൊണ്ടിരിക്കുന്നു).

(സി) ഏറ്റവും ഒടുവിൽ അനുവദിച്ച ടെമ്പററി പെർമിറ്റിന് 18–11–1986 വരെ കാലാവധി ഉണ്ട്.

(ഡി) തുടർച്ചയായി ടെമ്പററി പെർമിറ്റ് നൽകിവരുന്നുണ്ട്.

(ഇ) ഇപ്പോൾ ടെമ്പററി പെർമിറ്റ് നൽകിയിട്ടുള്ള റൂട്ടിന്റെ ചില ഭാഗങ്ങൾ കെ.എസ്.ആർ.ടി.സി. ദേശസാൽക്കരണത്തിനായി പ്രാഥമിക വിജ്ഞാപനം ചെയ്തിരിക്കുന്ന റൂട്ടുകളിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത റൂട്ടിൽ സ്ഥിരം പെർമിറ്റ് നൽകുവാൻ കഴിയുകയില്ല. എന്നാൽ ഏതെങ്കിലും സ്ഥിരം റൂട്ടിനുള്ള ആവശ്യകതയുടെ അടിസ്ഥാനത്തിൽ അപേക്ഷ ക്ഷണിക്കുമ്പോൾ പ്രസ്തുത സൊസൈറ്റിയും അപേക്ഷിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബോഡി, ബിൽഡിംഗ് കേന്ദ്രം

1320 [2351] ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ:
,, കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, വി.എസ്. ചന്ദ്രശേഖരൻപിള്ള:

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ബോഡി ബിൽഡിംഗ് കേന്ദ്രം അടച്ചുപൂട്ടിയിരിക്കുകയാണോ;

LIBRARY ARCHIVES Kerala Legislative Assembly